# കാർഷിക വികസനവും ജനങ്ങളും

**കഴിഞ്ഞ** ഫെബ്രുവരി 28-ന് കേന്ദ്ര ധനകാര്യ മന്ത്രി ചിദംബരം 2007-'08 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രഖ്യാപിച്ചിരിക്കുന്നു. ബജറ്റ് പ്രഖ്യാപനം സർക്കാറുകളുടെ ഒരു മാമൂൽ ഇടപാടാണ്. സർക്കാറിന്റെ സാമ്പത്തിക നയം നടപ്പിലാക്കാൻ വരുംവർഷത്തിൽ എന്തെല്ലാം ചെയ്യാൻ പോകുന്നു എന്നാണ് ഗവൺമെന്റ് ബജറ്റിലൂടെ വ്യക്തമാക്കുന്നത്. കുറെ കൊല്ലങ്ങളായി ഇന്ത്യ ആഗോളീകരണ സാമ്പത്തിക നയം സ്വീകരിച്ചു മുന്നോട്ടുപോകുന്നതിനാൽ മുൻ ബജറ്റുകളെപ്പോലെ ഈ ബജറ്റും അവതരിപ്പിക്കുന്നത് അതിന്റെ പ്രയോഗവത്കരണമാണ്. വിദേശ മൂലധനനിക്ഷേപത്തിലൂന്നിയ വികസന സങ്കൽപവും ഇടത്തരക്കാർക്കും മീതെയുള്ള വിഭാഗങ്ങൾക്കും മാത്രം പ്രയോജനപ്പെടുന്ന സാമ്പത്തിക പരിഷ്കരണങ്ങളുമാണ് അത് പ്രതിനിധാനം ചെയ്യുന്നത്. അധഃസ്ഥിത പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനും തകർന്നുകിടക്കുന്ന കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും കാര്യമായ നിർദേശങ്ങളൊന്നുമില്ല. ഉണ്ടെന്നു തോന്നിക്കുന്ന ചില ജാടകളേയുള്ളൂ. ഉദാഹരണമായി സച്ചാർ കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ച് രൂപീകരിക്കാൻ നിശ്ചയിച്ച ന്യൂനപക്ഷ വികസന കോർപറേഷന് നീക്കി വെച്ച ഫണ്ട് 63 കോടിയാണ്. മുസ്‌ലിം ജനസംഖ്യാടിസ്ഥാനത്തിൽ കണക്കാക്കിയാൽ പ്രതിശീർഷ വിഹിതം 4 രൂപ! പോരേ? മുസ്‌ലിം സമുദായം ചരടറ്റ പട്ടം പോലെ വികസനത്തിന്റെ ഉച്ചിയിലേക്ക് കുതിച്ചുയരാൻ ഇനിയെന്തുവേണം?!

കാർഷിക മേഖലക്കു വായ്പാ സഹായമായി രണ്ടേകാൽ ലക്ഷം കോടി രൂപ വകയിരുത്തിയിരിക്കുന്നുവെന്നതാണ് മറ്റൊന്ന്. വായ്പാ സഹായത്തിന്റെ വലിപ്പംകൊണ്ട് കാർഷിക മേഖല നേരിടുന്ന യഥാർഥ പ്രതിസന്ധി മറച്ചുവെച്ചിരിക്കുകയാണ് ധനകാര്യ മന്ത്രി. അടിസ്ഥാന പ്രശ്നം കൃഷിക്കാർക്ക് വായ്പ കിട്ടാത്തതല്ല. വായ്പ ലഭിച്ച കർഷകരാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. വായ്പ വാങ്ങി ഉൽപാദിപ്പിക്കുന്ന വിഭവങ്ങളിൽനിന്ന് വായ്പയും പലിശയും അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള വകയും ലഭിക്കുന്നില്ല എന്നതാണ് കർഷകർ നേരിടുന്ന പ്രതിസന്ധി. ഈ സാഹചര്യമാണ് മാറേണ്ടത്. കർഷകർ കൊടുക്കുന്നതിനൊന്നും വിലയില്ല. വാങ്ങുന്നതിനൊക്കെ തീവില. ചെറുകിട കാപ്പി-തേയില കർഷകർ വിലയിടിവു മൂലം നരകിക്കുക. അതേ കാപ്പിയും തേയിലയും സംസ്കരിച്ചു മാർക്കറ്റിലെത്തുമ്പോൾ അവനടക്കമുള്ളവർ തീവില കൊടുക്കേണ്ടി വരിക. ഈ അന്തരത്തിനിടയുള്ള മാർജിൻ എവിടെ പോകുന്നു എന്നന്വേഷിക്കുമ്പോൾ ബഹുരാഷ്ട്ര കുത്തകകളുടെ ഭീകര ഹസ്തങ്ങളാണ് കണ്ടെത്തുക. ഗോതമ്പ്കർഷകന് സബ്സിഡി നിഷേധിക്കുന്ന ഗവൺമെന്റ് ഗോതമ്പ് ഇറക്കുമതി ചെയ്യുന്ന വ്യാപാരികൾക്ക് സബ്സിഡി നൽകുക. ഇന്ത്യൻ ഭക്ഷ്യ എണ്ണകൾക്ക് വില കിട്ടാതെ കർഷകർ വേപഥുകൊള്ളുമ്പോൾ വിദേശ ഭക്ഷ്യഎണ്ണകൾക്ക് ഇറക്കുമതി തീരുവ കുറക്കുക. ഈ അവസ്ഥ തുടരുന്നിടത്തോളം കർഷകർക്കനുവദിക്കുന്ന വായ്പാ സഹായങ്ങൾ അവന്റെ കഴുത്തിൽ കൊലക്കയറാവുകയേയുള്ളൂ.

വകയിരുത്തിയ വായ്പാ സഹായത്തിന്റെ തന്നെ ഗുണഭോക്താക്കൾ സാധാരണ കൃഷീവലന്മാരായിരിക്കുകയില്ല എന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. വൻകിട സമ്പന്ന കർഷകരും ബഹുരാഷ്ട്ര കാർഷിക കമ്പനികളുമായിരിക്കും അത് പ്രയോജനപ്പെടുത്തുക. ചെറുകിട കർഷകരുടെ ഭൂമികൾ കരാർ വ്യവസ്ഥയിൽ കാർഷിക കമ്പനികളുടെ കൈകളിൽ വന്നു ചേരുകയും അങ്ങനെ, ഇപ്പോൾ ആരംഭിച്ചിട്ടുള്ള ഭൂകേന്ദ്രീകരണത്തിന് ഗതിവേഗം കൂടുകയും തൊഴിൽ രഹിതരാകുന്ന കർഷകർ കൂട്ടത്തോടെ നഗരങ്ങളിൽ വന്ന് ചേരികളെ പോഷിപ്പിക്കുകയുമായിരിക്കും അതിന്റെ ഫലം.

സംസ്ഥാന ബജറ്റിന്റെ മുന്നോടിയായി ഗവർണർ ആർ.എൽ ഭാട്യ കേരള അസംബ്ലിയിൽ നടത്തിയ നയപ്രഖ്യാപനം ചിദംബരത്തിന്റെ ബജറ്റിനെ അപേക്ഷിച്ച് അൽപം ആശ്വാസകരമാണ്. മത്സ്യത്തൊഴിലാളികൾ തുടങ്ങിയ അധഃസ്ഥിത വിഭാഗങ്ങൾക്ക് അതിൽ കുറച്ചൊക്കെ പരിഗണന ലഭിച്ചിട്ടുണ്ട്. കാർഷിക മേഖലയെയും ഗവർണർ ക്രിയാത്മകമായി പരിഗണിച്ചിരിക്കുന്നു. ഗവർണറുടെ വാക്കുകൾ പ്രവൃത്തി രൂപം പ്രാപിക്കുകയാണെങ്കിൽ കേരളത്തിന്റെ കാർഷിക രംഗത്ത് കാര്യമായ ഉണർവുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. പക്ഷേ, നടേ സൂചിപ്പിച്ച, കാർഷിക മേഖല നേരിടുന്ന അടിസ്ഥാന പ്രശ്നത്തിന്റെ പരിഹാരം ഇവിടെയും ഇരുട്ടിലാണ്.

ബജറ്റുകൊണ്ട് - അത് കേന്ദ്രത്തിന്റേതാകട്ടെ, സംസ്ഥാനത്തിന്റേതാവട്ടെ, ഒരു രാജ്യത്തും വിപ്ലവമൊന്നും ഉണ്ടാകാൻ പോകുന്നില്ല. വിപ്ലവം സൃഷ്ടിക്കേണ്ടത് ജനങ്ങളാണ്. ശിഥിലമായിക്കൊണ്ടിരിക്കുന്ന കാർഷികമേഖലയുടെ സംരക്ഷണം ജനങ്ങൾ അഥവ ജനങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകളും സ്ഥാപനങ്ങളും ഏറ്റെടുക്കണമെന്നാണ് അധുനിക സാഹചര്യം ആവശ്യപ്പെടുന്നത്. ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യമുണ്ടാകുമ്പോൾ സർക്കാറിനെതിരെ മുദ്രാവാക്യം മുഴക്കിയതുകൊണ്ടുമാത്രം ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല. രാജ്യത്ത് കൃഷി അഭിവൃദ്ധിപ്പെടണം. വിഭവങ്ങൾ സമൃദ്ധമാകണം. ജനങ്ങൾ കൃഷി ചെയ്യാതെ ഇതുരണ്ടും സാധിക്കുകയില്ല.

നമുക്ക് രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ, ബഹുജന-യുവജന-വിദ്യാർഥി-വനിതാ സംഘടനകൾ ധാരാളമുണ്ട്. വിദ്യാലയങ്ങളിൽ ഒരു കൃഷിത്തോട്ടം എന്നത് വിദ്യാർഥി സംഘങ്ങളുടെ കർമപരിപാടിയാകണം. അടുക്കളത്തോട്ടം വനിതാ സംഘങ്ങളുടെയും ഒഴിച്ചുകൂടാത്ത കർമപരിപാടിയാകട്ടെ. തരിശുഭൂമികൾ കൃഷിയോഗ്യമാക്കാനും കാർഷികമായി ജനങ്ങളെ ബോധവത്കരിക്കാനുമുള്ള പരിപാടികൾ ബഹുജന-യുവജന സംഘടനകൾക്ക് ഏറ്റെടുക്കാം. രാഷ്ട്രീയ സംഘടനകൾക്കും സാംസ്കാരിക സംഘടനകൾക്കും മത സംഘടനകൾക്കുമെല്ലാം ഈ സംരംഭത്തിൽ അവരുടേതായ പങ്കു വഹിക്കാനുണ്ട്. ജല ചൂഷണത്തിനും പരിസ്ഥിതി മലിനീകരണത്തിനുമെതിരെയുള്ള സമരത്തോളമോ അതിലധികമോ പ്രധാനമാണ്, ദേശീയ കർഷകരെയും കൃഷിഭൂമിയെയും ഒരുപോലെ നശിപ്പിക്കാനും നമ്മുടെ ഭക്ഷ്യ വിഭവങ്ങളിൽ ആസുരമായ ആധിപത്യം പുലർത്താനും കടന്നുവരുന്ന ബഹുരാഷ്ട്ര കാർഷിക കമ്പനികളെ പ്രതിരോധിക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങളും.

കാർഷികോൽപാദനം മഹത്തായ ദൈവാനുഗ്രഹമാണ്. കാർഷിക വൃത്തി, കർമം കൊണ്ട് പുഷ്കലമായ പ്രാർഥനയും. വിത്തുകൾ മുളപ്പിക്കുന്നത് നാം-ദൈവം- ആണെന്നും വിള നശിച്ചാൽ കഷ്ടത്തിലായല്ലോ, കടം കയറിമുടിഞ്ഞല്ലോ എന്ന് നിങ്ങൾ-മനുഷ്യർ-കേഴുന്നത് ദൈവത്തോടാണെന്നും വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നുണ്ട്. നാളെ ലോകം അവസാനിക്കുമെന്നുറപ്പുണ്ടെങ്കിലും ഇന്ന് കൈയിലുള്ള ഞാറ് നടുകതന്നെ വേണമെന്ന് കൽപിച്ചത് മുഹമ്മദ് നബി(സ) യാണ്. നിങ്ങൾ നട്ടുവളർത്തിയ ചെടിയുടെ ഫലം മനുഷ്യർക്കാർക്കും ഉപകാരപ്പെട്ടില്ലെങ്കിലും അതു പാഴ്‌വേലയാകുന്നില്ല. പക്ഷികൾക്കോ മറ്റു തിര്യക്കുകൾക്കോ വിശപ്പാറ്റാൻ ഉപയോഗപ്പെട്ടിട്ടുണ്ടെങ്കിൽ അതും കർഷകന്റെ പുണ്യമായി രേഖപ്പെടും എന്നും തിരുമേനി ഉദ്ബോധിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിക പ്രവർത്തകരെ സംബന്ധിച്ചേടത്തോളം ഈ പ്രവാചക വചനങ്ങൾ ഏറെ ശ്രദ്ധേയമായിത്തീർന്ന ചരിത്രസന്ദർഭമാണിത്. ■